അനുവദിക്കുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണ്. ഇതിൽ 42,000 രൂപ കേന്ദ്ര സർക്കാരും ശേഷിക്കുന്ന 28,000 രൂപ സംസ്ഥാന സർക്കാരും വഹിക്കുന്നു.

(ബി) ഈ പദ്ധതിയുടെ പേര് മാറ്റിയിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഐ.എ.വൈ.പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചതുമൂലം ഗുണഭോക്താക്കൾക്ക് അധിക സംസ്ഥാന വിഹിതം നൽകുന്നതിൽ കടിശ്ശിക ഉണ്ടായിരുന്നു. ആയത് തീർക്കുന്നതിനുവേണ്ടി 500 കോടി രൂപ അനുവദിച്ച് കടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കുന്നതാണ്.

(ഇ) നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനമൂലം ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടി ഐ.എ.വൈ. പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് പൊതു വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപയായും പട്ടികജാതി വിഭാഗങ്ങൾക്ക് 3 ലക്ഷം രൂപയായും, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(എഫ്) സാമ്പത്തിക പരാധീനതമൂലം മുടങ്ങി കിടക്കുന്ന വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശയുള്ള വായ്പ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് നൽകിവരുന്ന സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഇന്ദിര ആവാസ് യോജന

18 (1392) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ പദ്ധതി പ്രകാരം. 2015-16 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ വിവിധ ബ്ലോക്കുകളിലായി എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വീടുകളുടെ സർക്കാർ വിഹിതം എത്ര ; ഇതിൽ ഇതുവരെ നൽകിയ തുക എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പണം യഥാസമയം നൽകാത്തതിനാൽ വീട് പൂർത്തിയാക്കാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വീട് പൂർത്തീകരിക്കുന്നതിനുള്ള തുക എത്രയുംവേഗം നൽകുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഐ.എ.വൈ. പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ 2,489 വീടുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ 510 വീടുകൾ പട്ടികജാതി വിഭാഗങ്ങൾക്കും 802 വീടുകൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും 1,177 വീടുകൾ പൊതുവിഭാഗങ്ങൾക്കുമായി അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വീടുകൾക്കായി സംസ്ഥാന സർക്കാർ വിഹിതവും അധിക സംസ്ഥാന വിഹിതവും ത്രിതല പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ പട്ടികജാതി വിഭാഗങ്ങൾക്ക് 13.16 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 24.71 കോടി രൂപയും പൊതുവിഭാഗങ്ങൾക്ക് 18.6 കോടി രൂപയും ആണ്. ഇതിൽ 21.248 കോടി രൂപ നാളിതുവരെ കാസർഗോഡ് ജില്ലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാന വിഹിതം യഥാസമയം കാസർഗോഡ് ജില്ലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. പണം ലഭിക്കാത്തതുമൂലം വീട് പൂർത്തിയാക്കാൻ കഴിയാത്ത പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വീട് പൂർത്തീകരിക്കുന്നതിനുള്ള തുക ഗഡുക്കളായി ലഭ്യമാക്കിവരുന്നു.

ഇന്ദിര ആവാസ് യോജന കേന്ദ്ര ഫണ്ട്

19 (1393) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഐ.എ.വൈ ഭവന പദ്ധതിക്കായി ലഭിച്ച കേന്ദ്ര ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ഇതുവരെ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക എത്രയെന്ന് പറയാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഐ.എ.വൈ. ഭവന പദ്ധതിക്കായി ലഭിച്ച കേന്ദ്ര സർക്കാർ വിഹിതം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly